LIBRARY ARCHIVES Kerala Legislative Assembly

സ്മാർട്ട് കോൺടാക്ട് പദ്ധതി

278(5437) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട് കോൺടാക്ട് പദ്ധതി വിജയകരമാണോ; പദ്ധതി പുരോഗതി വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട്-കോൺടാക്ട് പദ്ധതി വിജയകരമാണ്. Kerala Development and Strategic Innovation Council (K-DISC)-ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ, സർവ്വേ & ലാൻഡ് റെക്കോർഡ്സ് എന്നീ 3 പ്രധാന വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പദ്ധതിയുടെ പ്രാരംഭഘട്ട പഠനങ്ങൾ K-DISC പൂർത്തിയാക്കുകയും ഓരോ വകുപ്പിനും പദ്ധതിയിലുള്ള ചുമതലകൾ വിശദമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ വില്ലേജുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി " സ്മാർട്ട് കോൺടാക്ട്" എന്ന ആശയം നടപ്പിലാകുന്നതാണ്.

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

279(5438) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം